കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ് - 2025-26 -അങ്കണവാടി നവീകരണം - 50 അങ്കണവാടികൾ 2 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

വനിത ശിശു വികസന (ബി) വകുപ്പ്

**G.O.(Rt)268/2025/WCDD** **Dated,10/06/2025**

---

എ.എസ് നമ്പർ : AS/WCD/25/42679 കാലാവധി : 09/06/2028

പരാമർശം:-

1. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 21/03/2025 തീയതിയിലെ DWCD/1862/2025–ICDSA7 നമ്പർ കത്ത്.
2. 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.
3. സ.ഉ(സാധാ)നം.244/2025/WCDD തീയതി 31/05/2025.

<u>ഉത്തരവ്</u>

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ 33120 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. പ്രാരംഭശൈശവകാല സംരക്ഷണം നൽകുന്നതിനും അങ്കണവാടികളിൽ എത്തിച്ചേരുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിനുമായി അങ്കണവാടികളെ ശിശു സൗഹൃദമാക്കേണ്ടതുണ്ട്. ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്കുള്ള സേവനം അങ്കണവാടികൾ മുഖേന നൽകി വരുന്നു. അങ്കണവാടികളെ ശിശു സൗഹൃദ-പരിപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണം നടത്തി സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുണ്ട്.

(2) 2025-26 സാമ്പത്തിക വർഷം സംസ്ഥാനത്താകെ 50 അങ്കണവാടികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടത്തുവാൻ ഉദ്ദേശിക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ LSGD ചീഫ് എഞ്ചിനീയർ കൺട്രോളിംഗ് ആഫീസറായുള്ള 4235-02-102-87 പ്ലാനിൽ അങ്കണവാടി നിർമ്മാണം/നവീകരണം എന്നിവയ്ക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽ നിന്നും 1,00,00,000/- രൂപ (ഒരു കോടി രൂപ) വിനിയോഗിച്ച് 50 അങ്കണവാടികൾ 2 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനും ടി പ്രവൃത്തി LSGD എഞ്ചിനീയറിംഗ് വിംഗ് മുഖാന്തിരം നടപ്പിലാക്കുന്നതിനും ഇതിലേയ്ക്കാവശ്യമായ

AS/WCD/25/42679

1,00,00,000/- രൂപ (ഒരു കോടി രൂപ) 4235-02-102-87 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം(1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) 03/04/2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് സമഗ്ര ഭരണാനുമതി നൽകുന്നതിലേക്കായി അംഗീകാരം നൽകാൻ തീരുമാനിക്കുകയും , ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം 2 ലക്ഷം രൂപ നിരക്കിൽ 50 അങ്കണവാടികൾ നവീകരിക്കുന്നതിന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷം 50 അങ്കണവാടികൾ 2 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനും ടി പ്രവൃത്തി LSGD എഞ്ചിനീയറിംഗ് വിംഗ് മുഖാന്തിരം നടപ്പിലാക്കുന്നതിനും ഇതിലേയ്ക്കാവശ്യമായ **₹ 1,00,00,000/-** രൂപ (ഒരു കോടി രൂപ) 4235-02-102-87 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | അങ്കണവാടി നവീകരണം 50 അങ്കണവാടികൾ 2 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1,00,00,000 |
| ആകെ (ഒരു കോടി രൂപ) | | **1,00,00,000** |

AS/WCD/25/42679

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന(എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.12 12:37:03 +05:30